പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram - 695 034
Phone : 0471 - 2326603/04/05
E-mail : pro.cpcr@gmail.com

23.10.2024

# നിയമസഭാ സാമാജികരുടെയും നയരൂപീകരണത്തെ സ്വാധീനിക്കുന്നവരുടെയും സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ നിയമസഭാ സാമാജികർ, സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നവർ, കർത്തവ്യവാഹകർ, പ്രത്യേക ക്ഷണിതാക്കൾ, വിദ്യാർഥികൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ ഹോട്ടൽ വിവാന്തയിൽ 2024 ഒക്ടോബർ 23ന് സംഘടിപ്പിച്ച യോഗത്തിന്റെ ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിന് നിരന്തര ഇടപെടലുകൾ കമ്മിഷൻ നടത്തിവരുന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. കുട്ടികളുടെ താൽപര്യങ്ങൾ പരിഗണിക്കുകയും അനിവാര്യമായവ നിറവേറ്റപ്പെടുകയും ചെയ്യുന്ന ഒരു ശിശുസൗഹൃദ ഭരണ മാതൃക ഉറപ്പാക്കപ്പെടുകയാണ് കമ്മിഷന്റെ ലക്ഷ്യം. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും ഉന്നമനത്തിനുമുള്ള നൂതന മാർഗ്ഗങ്ങൾ ചർച്ചചെയ്യുന്നതിനും കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങളും നയപരിപാടികളും കൂടുതൽ വിലയിരുത്തുന്നതിനും ശിശുസൗഹൃദ തദ്ദേശ ഭരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ കുട്ടികളുമായി ബന്ധപ്പെട്ടവയ്ക്ക് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നിലവിലുള്ള നിയമങ്ങൾ പര്യാപതമാണോ തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ മുഖ്യാതിഥിയായിരുന്നു. കമ്മിഷൻ അംഗം ഡോ. എഫ്. വിൽസൺ സ്വാഗതവും സെക്രട്ടറി ഷൈനി ജോർജ്ജ് നന്ദിയും അർപ്പിച്ചു. നിയമസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ യു. പ്രതിഭ എം.എൽ.എ മുഖ്യപ്രഭാഷണവും യുണിസെഫ് ചീഫ് ഓഫ് സോഷ്യൽ പോളിസി കെ.എൽ. റാവു ആമുഖ പ്രഭാഷണവും നടത്തി. കമ്മിഷൻ അംഗങ്ങളായ എൻ. സുനന്ദ, ജലജമോൾ റ്റി.സി, ബി. മോഹൻകുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ചർച്ചയിൽ കമ്മിഷൻ അംഗം കെ.കെ. ഷാജു മോഡറേറ്റ റായിരുന്നു. നിയമസഭ ക്ഷേമകാര്യ കമ്മിറ്റി അംഗങ്ങളും (എം.എൽ.എ), സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നവരും, കർത്തവ്യവാഹകരും, പ്രത്യേക ക്ഷണിതാക്കളും, വിദ്യാർഥി കളും യോഗത്തിൽ പങ്കെടുത്തു. ഉജ്ജ്വല ബാല്യ പുരസ്കാര ജേതാക്കളായ യാസീന്റേയും സിദ്ദി വിനായകിന്റേയും കലാ പ്രകടനങ്ങൾക്കും യോഗം വേദിയായി.